**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3313** **04-08-2021 - ൽ മറുപടിയ്ക്ക്**

**മുൻഗണന റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനർഹമായി മുൻഗണന റേഷൻ കാർഡ് കൈപ്പറ്റിയവർ ആയവ സ്വമേധയാ തിരിച്ചേൽപ്പിക്കുന്നതിന് പൊതുവായ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാർഡുകൾ തിരിച്ചേൽപ്പിക്കാനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നുള്ളതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | 75263 മുൻഗണനാ കാർഡുകളാണ് തിരിച്ചേൽപ്പിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു. ജില്ല -- ലഭിച്ച അപേക്ഷകളുടെ എണ്ണം തിരുവനന്തപുരം 6280 കൊല്ലം 5352 പത്തനംതിട്ട 3369 ആലപ്പുഴ 4681 കോട്ടയം 4122 ഇടുക്കി 2710 എറണാകുളം 6639 തൃശ്ശൂർ 4728 പാലക്കാട് 6823 മലപ്പുറം 15959 കോഴിക്കോട് 5799 വയനാട് 2921 കണ്ണൂർ 3650 കാസർഗോഡ് 2230 ആകെ 75263 |
| (സി) | ഇത്തരത്തിൽ സ്വമേധയ കാർഡുകൾ നൽകാത്തവരുടെ പേരിൽ എന്തെങ്കിലും നിയമ നടപടി സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | അനർഹമായ മുൻഗണന കാർഡുകൾ കൈവശം വച്ചിരിക്കുന്നവർക്കെതിരെ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ (കൺട്രോൾ) ഓർഡർ, 2021 ന്റെ ഖണ്ഡിക 11 ലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ